2014-15-ലെ ബഡ്ജറ്റിൽ മാറ്റി വച്ച തുക

210 (556) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-2015-ലെ ബഡ്ജറ്റിൽ സംസ്ഥാനത്തെ ഓരോ വകുപ്പുകൾക്കും പദ്ധതി ചെലവിനും പദ്ധതിയേതര ചെലവിനും മാറ്റിവച്ച തുക എത്ര വീതമാണ്;

(ബി) ഓരോ വകുപ്പുകൾക്കും പദ്ധതി ചെലവിനത്തിലും പദ്ധതിയേതര ചെലവിനത്തിലും ഇതിനോടകം എത്ര തുക വീതം നൽകിയെന്നു വ്യക്തമാക്കുമോ ;

(സി) ഓരോ വകുപ്പുകളും പദ്ധതി ചെലവിനത്തിലും പദ്ധതിയേതര ചെലവിനത്തിലും ഇതിനോടകം എത്ര തുക വീതം ചെലവഴിച്ചുവെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) 2014-15 സാമ്പത്തിക വർഷത്തിൽ വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനകൾക്കു കീഴിൽ പദ്ധതി-പദ്ധതിയേതര ചെലവുകൾക്കായി മാറ്റിവച്ച തുക, അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2015 ജനുവരി 31 വരെ ചെലവഴിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.*

ദേശീയ സമ്പാദ്യ വകുപ്പിലെ ഒഴിവുകൾ

211 (557) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ സമ്പാദ്യ വകുപ്പിൽ അഡീഷണൽ ഡയറക്ടറുമാരുടെ എത്ര ഒഴിവുകളുണ്ട് ; എ.ഡി., ഡി.ഡി. മാരുടെ എത്ര ഒഴിവുകളുണ്ട് ; ജില്ല തിരിച്ച് വ്യക്തമാക്കാമോ ;

(ബി) നിലവിൽ ഒഴിവുകൾ നികത്തുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കാമോ ;

(സി) പ്രൊമോഷൻ നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ ; എങ്കിൽ എന്താണ് കാരണം ; പ്രൊമോഷൻ എന്നത്തേയ്ക്ക് നടത്താനാകും എന്ന് വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly